"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാശിശുവികസന വകുപ്പ്- സംയോജിത ശിശുവികസന സേവന പദ്ധതി- നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റിലെ അങ്കണവാടി ഹെൽപ്പർ ശ്രീമതി. കൃഷ്ണമ്മ എസ്-ന് ഗർഭാശയം നീക്കം ചെയ്യതുമായി ബന്ധപ്പെട്ട് ഓണറേറിയത്തോടുകൂടിയ അവധി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതാശിശുവികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.43/2025/WCDD തീയതി,തിരുവനന്തപുരം, 30-01-2025

---

പരാമർശം:- 1. ശ്രീമതി. കൃഷ്ണമ്മ എസ്, അങ്കണവാടി ഹെൽപ്പർ, സെന്റർ നം. 53, ഗ്രാങ്കോട്ടുകോണം, നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റ്-ന്റെ അപേക്ഷ, തീയതി. ഇല്ല

2. വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ കത്ത് നം. DWCD/5213/2024-ICDS-B6, തീയതി. 10/09/2024

**ഉത്തരവ്**

നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റിലെ ഗ്രാങ്കോട്ടുകോണം സെന്റർ നം. 53 അങ്കണവാടിയിലെ അങ്കണവാടി ഹെൽപ്പർ ശ്രീമതി. കൃഷ്ണമ്മ എസ്., ഗർഭാശയം നീക്കം ചെയ്യതുമായി ബന്ധപ്പെട്ട് 19/02/2024 മുതൽ 45 ദിവസം ഓണറേറിയത്തോടു കൂടിയ അവധി അനുവദിക്കുന്നതിനായി മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ, ഗർഭാശയ ശസ്ത്രക്രിയയ്ക്ക് വിധേയയായതിനാൽ 19/02/2024 മുതൽ ശ്രീമതി. കൃഷ്ണമ്മ എസ് എടുത്ത ഓണറേറിയമില്ലാത്ത അവധി ഹിസ്ടക്ടമിയ്ക്കായി അനുവദിക്കുന്ന ഓണറേറിയത്തോടുകൂടിയ അവധിയായി സാധൂകരിച്ചു നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (2) പ്രകാരം വനിതാ ശിശുവികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു. വനിതാശിശുവികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരം 19/02/2024 മുതൽ 90 ദിവസത്തെ കാലയളവിലേക്കാണ് ശ്രീമതി. കൃഷ്ണമ്മ എസ്-ന് ആരോഗ്യം വീണ്ടെടുക്കുന്നതിനായി ഡോക്ടർ നിർദേശിച്ചിരുന്നത്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ, നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റിലെ ഗ്രാങ്കോട്ടുകോണം സെന്റർ നം. 53 അങ്കണവാടിയിലെ അങ്കണവാടി ഹെൽപ്പർ

ശ്രീമതി. കൃഷ്ണമ്മ എസ്-ന്, പ്രസ്തുത വ്യക്തി തന്റെ ഗർഭാശയം നീക്കം ചെയ്തതുമായി ബന്ധപ്പെട്ട് ഹാജരാക്കിയിരിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അപേക്ഷയുടെയും വനിതാശിശുവികസന വകുപ്പ് ഡയറക്ടറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ മാനുഷിക പരിഗണനയും നിലവിലുള്ള നിയമാവലിയിൽ ഇളവും നൽകി 19/02/2024 മുതൽ 45 ദിവസം ഓണറേറിയത്തോടുകൂടിയ പ്രത്യേക അവധി അനുവദിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ M S
അണ്ടർ സെക്രട്ടറി

ഡയറക്ടർ, വനിതാശിശുവികസന വകുപ്പ്, തിരുവനന്തപുരം
ശ്രീമതി. കൃഷ്ണമ്മ എസ്, അങ്കണവാടി ഹെൽപ്പർ, സെന്റർ നം. 53, ഗ്രാങ്കോട്ടുകോണം, നെടുമങ്ങാട് ഐ സി ഡി എസ് പ്രൊജക്റ്റ് (വനിതാശിശുവികസന വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (UO(R)No. WCD-1/276/2024-FIN (E:2970034) dated 30/12/2024 പ്രകാരം)
വെബ്&ന്യൂ മീഡിയ/ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
സെക്ഷൻ ഓഫീസർ
Date: 30-01-2025 17:03:32